ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം ഉകയടക്കം അനുബന്ധമായി ചേർക്കുന്നു.*

നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കരുനാഗപ്പള്ളി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

299 (1343) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റ ശേഷം കരുനാഗപ്പള്ളി മണ്ഡലത്തിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് എന്തെല്ലാം പ്രവൃത്തികൾ ആണ് നടപ്പിലാക്കിയത് എന്നും ഇവ ഓരോന്നിനും എത്ര ഇക വീതമാണ് ചെലവഴിച്ചത് എന്നും വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം കരുനാഗപ്പള്ളി മണ്ഡലത്തിൽ നബാർഡിന്റെ ആർ.ഐ.ഡി.എഫ് XV സ്കീമിൽ ഉൾപ്പെടുത്തി പുതിയകാവ്-കാട്ടിൽക്കടവ് റോഡിന്റെ നവീകരണ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. ഇതിന് 3,41,23,114 (മൂന്നു കോടി നാൽപത്തിയൊന്ന് ലക്ഷത്തി ഇരുപത്തി മൂവായിരത്തി നൂറ്റി പതിനാല് രൂപ മാത്രം) രൂപ ചെലവായി.

ധർമ്മടം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

300 (1344) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധർമ്മടം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഏതെല്ലാം പ്രവൃത്തികൾ നടക്കുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഈ പ്രവൃത്തികൾ ഏതെല്ലാം ഘട്ടത്തിലാണെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ധർമ്മടം മണ്ഡലത്തിൽ ദേശീയപാത വിഭാഗത്തിന്റെ കീഴിൽ മൊയ്യ പാലത്തിന് സമാന്തരമായ പുതിയ പാലത്തിന്റെ നിർമ്മാണം നടന്നു വരുന്നു. ഇതിന്റെ 60% പണി പൂർത്തീകരിച്ചിട്ടുണ്ട്. 2015 ഡിസംബറിൽ പണി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തീകരിക്കും. നിരത്ത്-കെട്ടിട വിഭാഗങ്ങളുടെ കീഴിൽ ധർമ്മടം മണ്ഡലത്തിൽ നടക്കുന്ന പ്രവൃത്തികളുടെയും, പ്രവർത്തന ഘട്ടത്തിന്റെയും പൂർത്തീകരണ കാലാവധിയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

മമ്പറത്ത് പുതിയ പാലം

301 (1345) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുത്തുപറമ്പ്-കണ്ണൂർ സ്റ്റേറ്റ് ഹൈവേയിലെ മമ്പറത്ത് പുതിയ പാലം നിർമ്മിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) മമ്പറം പാലം നിർമ്മാണത്തിന് 16-5-2011-ലെ സ.ഉ. (സാധാ) നമ്പർ 701/2011/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിരുന്നെങ്കിലും ആവശ്യമായ ഭൂമി ലഭ്യമാകാതിരുന്നതിനാൽ തുടർനടപടി സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല. ഭൂമി ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ദേശീയപാതാ വികസനം

302 (1346) ശ്രീ. എളമരം കരീം :
ശ്രീ. എം. ഹംസ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദേശീയപാതാ വികസനം സ്തംഭനാവസ്ഥയിലാണോ; വീതി സംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടുണ്ടോ ; 45 മീറ്റർ വീതി എന്ന് നിജപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച കേന്ദ്രസർക്കാർ നിലപാട് സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ ;

(സി) ദേശീയപാതാ അതോറിറ്റിയുടെ സംസ്ഥാനത്തെ പ്രവർത്തനങ്ങൾ അവസാനിപ്പിച്ചതായി അറിയിച്ചിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly